(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട്സഹിതം
നം.കെ.എസ്.എ-ഐ.ഡി.കെ-9/1312/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയംഇടുക്കി,
തൊടുപുഴ,തീയതി:20.12.2018
E-mail: doidk.ksad@kerala.gov.in
Ph-04862 227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

സർ

വിഷയം :- അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-9/1312/2018 തീയതി. 20.12.2018

## ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ

## ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 10.06.2017 മുതൽ 11.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 19.11.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസി ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ പി സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ. എബി എബ്രഹാം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ. എൽ. ബാബു | 01.04.2017 മുതൽ.31.03.2018 വരെ |
| സെക്രട്ടറി | അജിത് കുമാർ വി. ആർ. | 01.04.2017 മുതൽ 25.06.2017 വരെ |
| | ശ്രീ. പി. എൻ സുരേന്ദ്രൻ നായർ | 26.06.2017 മുതൽ.31.03.2018 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. എഞ്ചിനീയർ | ശ്രീമതി. ശ്രീന എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബിനുമോൻ കെ. കെ. | 01.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീമതി. രശ്മി വിജയൻ | 01.08.2017 മുതൽ31.03.2018 വരെ |
| വി.ഇ.ഒ. | ശ്രീമതി. ബിന്ധ്യ | 01.04.2017 മുതൽ 05.07.2017 വരെ |
| | ശ്രീമതി. ജോബിഷ ജോസഫ് | 06.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ബിബിൻ പ്രസാദ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. കുര്യൻ തോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. കൊച്ചുറാണി സി. വി. | 01.04.2017 മുതൽ 21.06.2017 വരെ |
| | ശ്രീമതി. കവിത കൃഷ്ണൻ | 22.06.2017 മുതൽ 12.10.2017 വരെ |
| | ശ്രീമതി. ഇന്ദുലേഖ റ്റി. ആർ. | 13.10.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. മിനിമോൾ കെ. എൻ. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| ഭാഗം 2 - വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | പഞ്ചായത്ത് കടമുറികൾ ലേലം ചെയ്യാത്തത് സംബന്ധിച്ച് | 2-1 |
| 13 | ഡി. &ഒ. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-2 |
| 14 | പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകൾ വിനിയോഗിക്കുന്നില്ല | 2-3 |
| 15 | അസി.എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ക്രാപ്പ് മെറ്റീരിയൽസ് ലേലം ചെയ്തില്ല . | 2-4 |
| ഭാഗം 3 - ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | ആനക്കുഴി അങ്കണവാടി മഴവെള്ള സംഭരണി നിർമ്മിച്ചുവെങ്കിലും ജല ലഭ്യത ഉറപ്പ് വരുത്തിയിട്ടില്ല | 3-1 |
| 17 | തൊഴിലുറപ്പ് പദ്ധതി - ജീവനക്കാർക്ക് തനത് ഫണ്ടിൽനിന്നും നലികിയ തുക തിരിച്ചടച്ചിട്ടില്ല. | 3-2 |
| 18 | പി.എച്ച്.സിക്ക് മരുന്ന് ലഭ്യമായിട്ടില്ല | 3-3 |
| 19 | വി.ഇ.ഒ -അക്കൗണ്ടിൽ അനധികൃതായി പണം സൂക്ഷിച്ചിരിക്കുന്നു | 3-4 |
| 20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മതിയായ തുക വകയിരുത്തുന്നില്ല | 3-5 |

| | | |
|---|---|---|
| 21 | ഗുണഭോക്തൃവിഹിതം വിനിയോഗിച്ചിട്ടില്ല | 3-6 |
| 22 | പൂർത്തീകരണ വിവരം ലഭ്യമല്ല | 3-7 |
| 23 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | 3-8 |
| 24 | മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല | 3-9 |
| 25 | എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 3-10 |
| 26 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പാലിക്കുന്നില്ല | 3-11 |
| 27 | ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-12 |
| ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 38 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 39 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 40 | ബാലൻസ് ഷീറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 15.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് 11.12.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2018 | 20.07.2018 | ബാധകമല്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 23.06.2018 വരെ | കെ.എസ്. എ-ഐ. ഡി. കെ. 3/677/2018(2)<br>തിയതി. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹81,95,236 |
| വരവ് | ₹5,10,76,784 |
| ആകെ | ₹5,92,72,020 |
| ചെലവ് | ₹5,07,12,503 |
| നീക്കിയിരിപ്പ് | ₹85,59,517 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | 0 | 11827000 | 11827000 | 11586821 | 240179 |
| വികസനഫണ്ട് എസ്.സി.പി. (ACR പ്രകാരം) | 0 | 2945200 | 2945200 | 2743964 | 201236 |
| വികസനഫണ്ട് ടി.എസ്.പി. (ACR പ്രകാരം) | 0 | 967607 | 967607 | 820533 | 147074 |
| സംരക്ഷണഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 4384000 | 4384000 | 4321293 | 62707 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 2588041 | 2959 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5554695 | 5554695 | 5545059 | 9636 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1480484 | 1480484 | 1477314 | 3170 |
| എസ്.എസ്.എ. | | | 500000 | 500000 | 500000 | |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | | | | 0 | 0 | |
| തൊഴിലാളികളുടെ കൂലി | | 0 | 23755874 | 23755874 | 23755874 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 4877 | 1156229 | 1161106 | 980103 | 181003 |
| സാക്ഷരത | | 2682 | 29047 | 31729 | 28300 | 3429 |
| ഐ.സി.ഡി. എസ്. | | 515441 | 450757 | 966198 | ---- | 966198 |
| മറ്റു ഗവ.ഏജൻസീ | | 2950 | 0 | 2950 | 0 | 2950 |
| ശുചിത്വ മിഷൻ | | 263485 | 0 | 263485 | 0 | 263485 |
| ടോട്ടൽ സാനിറ്റേഷൻ (കേന്ദ്ര വിഹിതം) | | | 1444050 | 1444050 | 119700 | 1324350 |
| സ്പെ. ഫണ്ട് ടോട്ടൽ സാനിറ്റേഷൻ | | 408478 | 1263600 | 1672078 | 1152021 | 520057 |
| എം.എൽ.എ ഫണ്ട് | | 28356 | 0 | 28356 | 0 | 28356 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | | 6000 | 1600000 | 1606000 | 0 | 1606000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 1975000 | 1975000 | 1025000 | 950000 |
| | ജില്ലാ പഞ്ചായത്ത് | | 800000 | 800000 | 800000 | |
| ബി-ഫണ്ട് | | 0 | 19011860 | 19011860 | 19011860 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് - | | 2157252 | 5335000 | 7492252 | 7118739 | 373513 |
| തനത് ഫണ്ട് --- | തനത് ഫണ്ട് UBI | 2964275 | 4720617 | 7684892 | 7072659 | 612233 |
| | പ്ലാൻ UBI | 1152033 | 465914 | 1617947 | 14541 | 1603406 |
| | എസ്.സി.ബി.തനത് ഫണ്ട് | 589025 | 1825 | 590850 | 590214 | 636 |
| ഇ.പേയ്മെന്റ് | | 0 | 13334 | 13334 | 0 | 13334 |
| മറ്റുള്ളവ- | ഗുണഭോക്തൃ വിഹിതം | 16000 | 701175 | 717175 | 717175 | 0 |

1. ജനറൽ പർപ്പസ് ഗ്രാന്റിലെ നീക്കിയിരുപ്പ് 4314334 ൽ നിന്ന് 3940821 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. (4314334-3940821 =373513)

2. UBI പ്ലാൻ ഫണ്ടിൽ വിവിധ പ്രോജക്റ്റുകൾക്ക് വന്ന ഫണ്ട് തുകകളാണ് നിക്ഷേപിച്ചിട്ടുള്ളത്. നിലവിൽ ഈ അക്കൗണ്ട് തുടരുന്നില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 43632584 | 112 | 34028387 | 8 | 11 | 77.98 |

<u>ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) സമ്പൂർണ്ണ ശുചിത്വത്തിനായി ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ബാക്കി ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4877 | 1156229 | 1161106 | 980103 | 181003 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23755874 | 23755874 | 23755874 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6960 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 1204300 | 129 |
| വിധവാപെൻഷൻ | 5755500 | 498 |
| വാർദ്ധക്യകാലപെൻഷൻ | 9927300 | 869 |
| വികലാംഗപെൻഷൻ | 2006800 | 173 |
| 50 വയസിനു മുകളിൽപ്രായമുള്ള, അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 111000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹17,224/- ക്യാഷ്

ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ അപാകതകളുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റ്, ലോഗ് ബുക്ക് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

എല്ലാ വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

ഓഡിറ്റിനാവശ്യമായ രേഖകളുടെയും ഫയലുകളുടെയും, രജിസ്റ്ററുകളുടെയും സൂക്ഷിപ്പിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ പുലർത്തിയിട്ടില്ല.

മുഖ്യ തനതുവരുമാന സ്രോതസ്സായ വസ്തുനികുതിയുടെ അസസ്സ്മെന്റ്, ഡിമാന്റ് രജിസ്റ്ററുകൾ യഥാവിധി പരിപാലിച്ചിട്ടില്ല. ധനകാര്യ പത്രികയിൽ ക്രോഡീകരിച്ച ഈയിനത്തിലെ കണക്കുകളിൽ വ്യത്യാസമുണ്ട്.

ഡിമാന്റിനെക്കാൾ അധികം പിരിച്ചെടുത്തതായും ഡിമാന്റും കളക്ഷനും തമ്മിലുള്ള വ്യത്യാസത്തെക്കാൾ കുറഞ്ഞ തുക കുടിശികയായതുമായ കണക്കുകളാണ് ധനകാര്യപത്രികയിൽ കാണുന്നത്.

രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി വിവരങ്ങൾ രണ്ട് രജിസ്റ്ററുകളിലായാണ് പ്രതിപാദിച്ചിരിക്കുന്നത്. ഒരു സ്ഥാപനത്തിലെ ഒന്നാം അർദ്ധവർഷത്തിൽ നികുതി ഒടുക്കിയിട്ടുള്ള നികുതിദായകരുടെ പേരുവിവരങ്ങൾ രണ്ടാം അർദ്ധവർഷത്തിലെ രജിസ്റ്ററിൽ കാണുന്നില്ല. രണ്ടാം അർദ്ധവർഷത്തിൽ നികുതി ഒടുക്കിയിട്ടുള്ളവരുടെ പേരു വിവരങ്ങൾ ഒന്നാം അർദ്ധവർഷത്തിലെ രജിസ്റ്ററിലും കാണുന്നില്ല. റിമാർക്സ് കോളത്തിൽ ജീവനക്കാർ ട്രാൻസ്ഫർ ലഭിച്ച് പോയതാണോ , വിരമിച്ചതാണോ എന്ന വിവരം രേഖപ്പെടുത്തിയിട്ടുമില്ല.

മറ്റൊരു പ്രധാന വരുമാനമാർഗ്ഗമായ വാടക, ലേലം എന്നിവ സംബന്ധിച്ച രജിസ്റ്ററിൽ ഇൻഡക്സ് എഴുതുന്നില്ല. വാടകയ്ക്ക് നൽകുവാൻ എത്ര മുറികൾ പഞ്ചായത്തിനുണ്ട്, ഏതൊക്കെ ഇനങ്ങളാണ് ലേലം നടത്തുവാനുള്ളത് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. വാടക പിരിവിന്റെയും ലേല നടപടികളുടെയും വിശദാംശങ്ങൾ സമഗ്രമായി രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വാണിജ്യ സ്ഥാപനങ്ങളുടെ വിവരം സമഗ്രമായി ക്രോഡീകരിച്ചിട്ടില്ല. തന്മൂലം ലൈസൻസ് ഇനത്തിൽ ഗണ്യമായ വരുമാന ചോർച്ച സംഭവിക്കുന്നു. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളനുസരിച്ച് 585 പേർക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന വിഭാഗത്തിലാണ് കെട്ടിട നമ്പർ നൽകിയിരിക്കുന്നത്. ഇതിൽ 106 പേർ മാത്രമാണ് ഡി.&ഒ. ലൈസൻസ് നേടുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളതെന്ന വസ്തുത ഗൗരവമർഹിക്കുന്നതാണ് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2018, 17.10.2018 | 10/18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2010 മുതൽ<br>06.03.2010 വരെ | 2008-09 | 08.04.2010 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1. | വിവിധ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ വർഷാന്ത്യ പൊരുത്തപ്പെടുത്തപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ 31.03.2018ലെ ബാങ്ക്/ട്രഷറി നീക്കിയിരിപ്പ് ₹84,48,950/-യുടെ കൃത്യത വ്യക്തമല്ല. |
| 2) | തിരിച്ചു കിട്ടുവാനുള്ള സംശയകരമായ വരവുകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല. |
| 3) | ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ആസ്തി ബാധ്യത പത്രിക ബി-7 കൊടുത്തിരിക്കുന്ന ₹7,06,858/-യുടെ കൃത്യത വ്യക്തമല്ല. |

| | |
|---|---|
| 4) | അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് പരിപാലിച്ചിട്ടില്ലാത്തതിനാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക ഐ-17(എ)യിൽ കൊടുത്തിരിക്കുന്ന ₹24,99,731/-ന്റെ കൃത്യത വ്യക്തമല്ല. |

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ കണ്ടെത്തിയ അപാകതകൾ

വസ്തുനികുതി/വാർഷിക കണക്കുകളിലെ ഡിമാന്റ്, കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | റിമാർക്സ് |
|---|---|---|---|---|
| ഗാർഹികം(തൻവർഷം) | 1231868 | 1459885 | 70969 | ഡിമാന്റും കളക്ഷനും തമ്മിലുള്ള യഥാർത്ഥ വ്യത്യാസമല്ല ബാലൻസ് ആയി കാണിച്ചിട്ടുള്ളത്. |
| ഗാർഹികം (കുടിശ്ശിക) | 1880546 | 993962 | 50335 | |
| ഗാർഹികേതരം(തൻവർഷം) | 925067 | 601641 | 26259 | |
| ഗാർഹികേതരം കുടിശ്ശിക | 459184 | 408295 | 22257 | |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഞ്ചായത്ത് വക കടമുറികൾ ലേലത്തിൽ പോകാത്തത് സംബന്ധിച്ച്

പഞ്ചായത്തിന് 22 കടമുറികൾ സ്വന്തമായുണ്ടെങ്കിലും 14 എണ്ണം മാത്രമാണ് ലേലത്തിൽ പോയിട്ടുള്ളത്. മറ്റ് മുറികളുടെ കുത്തകാവകാശം, ലേലം കൊള്ളുന്നതിന് ആരും മുന്നോട്ട് വന്നിട്ടില്ല. കടമുറികളുടെ അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തതയുള്ളപക്ഷം അവ പരിഹരിച്ച് ലേലം നടത്തി വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 2-2 ഡി & ഒ.ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഡി. & ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18ൽ 106 സ്ഥാപനങ്ങൾക്ക് മാത്രമാണ് വാണിജ്യാവശ്യത്തിനായി ലൈസൻസ് നല്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ സിസ്റ്റം പ്രകാരം പഞ്ചായത്ത് പരിധിയിൽ 581 വാണിജ്യ കെട്ടിടങ്ങളുണ്ട്. ഒന്നിൽ കൂടുതൽ മുറികളോ കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കാനുമുള്ള സാദ്ധ്യതയും രേഖകളിൽ കെട്ടിടനമ്പർ ഉണ്ടെങ്കിലും കെട്ടിടം ഇല്ലായെന്നും പരിഗണിച്ചാൽ തന്നെ 18.24% സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നല്കിയിട്ടുള്ളൂ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും വരുമാന ചോർച്ചയുണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതുമാണ്.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരസ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പ് സമർപ്പിക്കേണ്ടതാണ്. 2017-18ൽ ഗ്രാമപഞ്ചായത്ത്

ലൈസൻസ് അനുവദിച്ച 106 സ്ഥാപനങ്ങളും അപേക്ഷ സമർപ്പിച്ചിരിക്കുന്നത് മേൽപ്പറഞ്ഞ സമയപരിധിക്ക് ശേഷമാണ്. സമയ പരിധിക്കുള്ളിൽ ലൈസൻസ് എടുക്കുന്നുണ്ട് എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകൾ വിനിയോഗിക്കുന്നില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിയ്ക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരുപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക ₹ |
|---|---|---|---|
| 1 | 320100101 | എൻ.ആർ.ഇ.ജി.എ. | 181003 |
| 2 | 320100115 | സമ്പൂർണ്ണ ശുചിത്വം | 1324350 |
| 3 | 320100121 | ഐ.സി.ഡി.എസ്. | 966198 |
| 4 | 320200316 | എം.എൽ.എ. ഫണ്ട് | 28356 |
| 5 | 320200322 | ശുചിത്വമിഷൻ ഗ്രാന്റ് | 263485 |
| 6 | 320200399 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഗ്രാന്റ് | 1606000 |
| 7 | 320300103 | ടോട്ടൽ സാനിട്ടേഷൻ | 520057 |
| 8 | 320300199 | മറ്റ് ഗവ. ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റ് | 2950 |
| | | ആകെ | 4892399 |

മേൽ തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിച്ച വർഷം (ഡി.ഡി.നം./തീയതി) ചെലവഴിയ്ക്കാത്തതിന്റെ കാരണം എന്നിവ രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പ്രത്യേക ആവശ്യത്തിനായി ലഭിച്ച ₹16,06,000/- എസ്.റ്റി. കോർപ്പസ് ഫണ്ടിനത്തിൽ ലഭിച്ചതാണെന്നും ടി തുക വകയിരുത്തി പൂവന്തിക്കടി ട്രൈബൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായിട്ടുള്ള ടെണ്ടർ നടപടികൾ പൂർത്തികരിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിയ്ക്കാത്ത പക്ഷം അതാത് സ്ഥാപനങ്ങളിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 2-4 സ്ക്രാപ്പ് മെറ്റീരിയൽസ് ലേലം ചെയ്തിട്ടില്ല

2017-18ൽ അസി.എഞ്ചിനീയർ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ ലഭിച്ച സ്ക്രാപ്പ് മെറ്റീരിയൽസ് സംബന്ധിച്ച് എഞ്ചിനീയർ സർവേ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തടി ഉരുപ്പടികൾ, ആസ്ബസ്റ്റോസ് ഷീറ്റ്, ഓട്, പൈപ്പ് എന്നിവ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. പ്രോജക്ടിന്റെ പേര് | എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ടിന്റ അടിസ്ഥാനത്തിൽ ലഭിക്കാവുന്ന തുക |
|---|---|
| SOO 68/18<br>ചെന്നിനായ്ക്കൻ കുടി അങ്കണവാടി മെയിന്റനൻസ് | 6912 |
| SO069/18<br>സുൽത്താനിയ അങ്കണവാടി മെയിന്റനൻസ് | 2361 |
| SO059/18<br>പളനിക്കാവ് എസ്.സി. കോളനി സാംസ്കാരികനിലയം<br>നവീകരണം,<br>സംരക്ഷണ ഭിത്തി | 7063 |
| ഹോമിയോ ഡിസ്പെൻസറി നിർമ്മാണം | 6365 |
| ആകെ | 22701 |

മേൽ പരാമർശിച്ച സ്ക്രാപ്പ് മെറ്റീരിയൽസ് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആനക്കുഴി അങ്കണവാടി മഴവെള്ള സംഭരണി - സംഭരണിയിലേയ്ക്ക് മഴവെള്ളത്തിന്റെ ലഭ്യത ഉറപ്പ് വരുത്തിയിട്ടില്ല

പ്രോജക്ട് നം. SO/137/18

വികസനഫണ്ട് ₹75,000/- അടങ്കൽ വകയിരുത്തി 15000 ലിറ്റർ മഴവെള്ള സംഭരണി ₹69,891/-യ്ക്ക് ആനക്കുഴി അങ്കണവാടിയിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടിയിലെ മഴവെള്ള സംഭരണിയിൽ ജല ലഭ്യതയില്ലായെന്ന് ഭൌതിക പരിശോധന നടത്തിയ വേളയിൽ വ്യക്തമായി. കെട്ടിടത്തിന്റെ പുറത്ത് വീഴുന്ന മഴവെള്ളം

ജലസംഭരണിയിൽ എത്തുന്നില്ല. അങ്കണവാടി കെട്ടിടത്തിന്റെ പുറത്ത് നിർമ്മിച്ചിട്ടുള്ള ചെറിയ ഒരു വരാന്തയുടെ മേൽക്കൂരയിലെ വെള്ളം മാത്രമാണ് മഴവെള്ള സംഭരണിയിൽ വീഴുന്നത്. കെട്ടിടത്തിന്റെ പുറത്ത് വീഴുന്ന വെള്ളം കൂടി മഴവെള്ള സംഭരണിയിൽ വീഴുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്ത് വാട്ടർ ടാങ്കിന്റെ ജല ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ 01.02.2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.)409/16/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈയിനത്തിൽ നൽകിയ താഴെ പറയുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

തുകകൾ നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക ₹ |
|---|---|---|
| 1 | 21700725/01.02.2018 | 15000 |
| 2 | 21700732/01.02.2018 | 20000 |
| 3 | 21700733/01.02.2018 | 20000 |
| 4 | 21700734/01.02.2018 | 18500 |
| 5 | 21700735/01.02.2018 | 18500 |
| 6 | 21700829/01.03.2018 | 9250 |
| 7 | 21700830/01.03.2018 | 9250 |
| 8 | 21700831/23.03.2018 | 9250 |
| 9 | 21700832/01.03.2018 | 9250 |
| 10 | 21700833/01.03.2018 | 18500 |
| 11 | 21700834/01.03.2018 | 20000 |
| 12 | 21700835/01.03.2018 | 20000 |
| 13 | 21700836/01.03.2018 | 18500 |
| | ആകെ | 206000 |

## 3-3 പി.എച്ച്.സി-യ്ക്ക് മരുന്ന് ലഭ്യമായിട്ടില്ല.

2017-18 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ബിൽ നം. 14/17-18/തീ. 23-03-2018 പ്രകാരം ₹2,50,000/- കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്-ന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മേൽതുകയ്ക്ക് മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ₹2,50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വി.ഇ.ഒ.-യുടെ അക്കൗണ്ടിൽ അനധികൃതമായി പണം സൂക്ഷിച്ചിരിക്കുന്നു

യൂണിയൻ ബാങ്ക്, അയ്യപ്പൻകോവിൽ ശാഖയിൽ വി.ഇ.ഒ.-യുടെ പേരിലുള്ള അക്കൗണ്ടിൽ പൂർത്തീകരിച്ച പദ്ധതിയുടെ പേരിൽ പണം അവശേഷിക്കുന്നുണ്ട്.

വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| അക്കൗണ്ട് നം. | ബാങ്ക് | തുക ₹ | പദ്ധതി |
|---|---|---|---|
| 42302010008079 | യൂണിയൻ ബാങ്ക്, അയ്യപ്പൻകോവിൽ (T.S.C) | 62099 | സാനിറ്റേഷൻ |

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ശുചിത്വമിഷനിലേയ്ക്ക് ഒടുക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ ആയത് ചൂണ്ടിക്കാണിച്ചിട്ടും നാളിതുവരെ തുക തിരികെ അടവാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-മതിയായ തുക വകയിരുത്തുന്നില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ നടപ്പിലാക്കിയതിനുവേണ്ടി തൻവർഷം വികസന ഫണ്ടിൽ നിന്നും ₹1,00,000/-യും ബ്ലോക്ക്പഞ്ചായത്ത് വിഹിതം ₹1,00,000/-യും അടക്കം ആകെ ₹2,00,000/- വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ആകെ 26 ഗുണഭോക്താക്കളിൽ 18 പേരും മാനസിക വെല്ലുവിളി നേരിടുന്നവരായിരുന്നു. ജി.ഒ.(എം.എസ്)നം.80/2017/ ത.സ്വ.ഭ.വ/ തീയതി.03.04.2017 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

| ക്രമ നം. | ഇനം | തുക ₹ |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രം(വാർഷികം) | 1500 |
| 3 | പഠനസഹായി(വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1000 |

| | | |
|---|---|---|
| 5 | ഉല്ലാസ യാത്ര (വാർഷികം) | 1000 |

ആകെ =₹28,500/-(വാർഷികം)

എന്നാൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് തൻവർഷം ₹8500/- നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. ദുർബ്ബല വിഭാഗങ്ങൾക്ക് അർഹിക്കുന്ന തരത്തിൽ തുക വക കൊള്ളിച്ച് പ്രൊജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചിട്ടില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയപ്പോൾ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ തുക വിനിയോഗിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകൾ അംഗങ്ങളായുള്ള രണ്ട് ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുകയും ഗുണഭോക്തൃവിഹിതം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

| പ്രൊജക്ട്/നമ്പർ | അടങ്കൽ | ഗുണഭോക്തൃവിഹിതം ഈടാക്കിയത് | ചെലവ് തുക ₹ | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 37/17-18<br>പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണം | 300000 | 14850/-<br>രസീത് 117100102551<br>തീ. 23-02-18 | 297000 | 1/17-18 28-02-18 |
| 39/17-18<br>പട്ടികവർഗ യുവജനങ്ങൾക്ക് വാദ്യോപകരണം | 150000 | 7425<br>രസീത് 117100102552<br>തീ. 23-02-18 | 148500 | 2/17-18<br>28-02-18 |

സ.ഉ.(എം.എസ്)നമ്പർ 80/2017/തസ്വഭവ./തീയതി.03.04.2017 സബ്സിഡി മാർഗരേഖ ഖണ്ഡിക 11-8-9 പ്രകാരം പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണം പ്രൊജക്ട് നടപ്പാക്കുമ്പോൾ 5% ഗുണഭോക്തൃവിഹിതം ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പാക്കിയപ്പോൾ തുക വികസനഫണ്ടിൽ നിന്നും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ തുക സർക്കാറിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 പദ്ധതിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബയോ ഡൈവേഴ്സിറ്റി സർവ്വെയും രജിസ്റ്റർ തയ്യാറാക്കൽ എന്ന പ്രൊജക്ട് (21/18)[പഞ്ചായത്തിന്റെ ജൈവ വൈവിദ്ധ്യങ്ങളെക്കുറിച്ച് വിലയിരുത്തി ആയതനുസരിച്ച് ഭാവി പദ്ധതികൾ സ്വീകരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്.] ₹1,25,000/- വകയിരുത്തി ആവിഷ്കരിക്കുകയും ₹48,400/- ചെലവഴിച്ച് (ബിൽ നമ്പർ 19/17-18/ 24-03-18, ₹45,400/-, ബിൽ നമ്പർ 20/17-18/28-03-18 ₹3,000/-) ശിൽപശാല,

വിവര ശേഖരണം എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിലും അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്. ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ട് മാസം വരെയായിരിക്കെ 8/18 മുതൽ ലഭിച്ച അപേക്ഷകളിൽ നാളിതുവരെ തീരുമാനമെടുത്തിട്ടില്ല. ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ 8/2018 മുതൽ ലഭിച്ച 128 വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥൻ ഇനിയും തിരികെ ഏൽപ്പിച്ചിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടേണ്ടതും ഉചിതമായ പരിഹാരനടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല

സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലൊന്നും തന്നെ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടക്കുന്നില്ല. തെരുവ് വിളക്ക് സ്ഥാപിക്കൽ, സൈക്കിൾ വാങ്ങൽ, ലാപ് ടോപ്പ് വാങ്ങൽ തുടങ്ങിയ പ്രൊജക്ടുകൾ ടെണ്ടർ നടപടികളിലൂടെ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് കരാറിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരണം നടത്തിയിട്ടുണ്ടോ എന്നത് മോണിട്ടറിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും മോണിട്ടറിംഗ് സമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും, വിശിഷ്യാ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 3-10 എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ

കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും, കൈമാറിയിട്ടുള്ളതുമായ ആശുപത്രികളിലെ (പി.എച്ച്.സി., ഹോമിയോ) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-11 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.-2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയ സാഹചര്യത്തിൽ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലൈയ്നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യ സംസ്കരണം, ജംഗമ വസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകളിൽ (സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങളിൽ)നാളിതുവരെ ആർജ്ജിച്ച ആസ്തികൾ രേഖപ്പെടുത്തി സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

തൻവർഷം മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയ്ക്ക് വേണ്ടി ബ്ലോക്ക് വിഹിതമായി ₹4,50,000/- ലഭ്യമായിട്ടുണ്ട് (ചെക്ക് നം.30027/തീ.30-11-2017). പദ്ധതിയ്ക്ക് വേണ്ടി മേൽ തുകയിൽ നിന്ന് ₹2,51,553/- ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാത്ത ബാക്കി തുക ₹1,98,447/- UBIയുടെ മാട്ടുക്കട്ട

ശാഖയിൽ മെഡിക്കൽ ഓഫീസറുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 423202010030380) നിക്ഷേപിച്ചിരിക്കുന്നു. 31-03-2018ൽ പ്രസ്തുത അക്കൗണ്ടിൽ മേൽതുക ഉൾപ്പെടെ ₹4,23,474.60 നീക്കിയിരിപ്പുണ്ട്. പദ്ധതിപ്പണം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക് വിഹിതം പാലിയേറ്റീവ് പദ്ധതിയ്ക്കുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 800000 | ക്ഷീരകർഷകർക്ക് ക്ഷീരസംഘം വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി നൽകൽ | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1100000 | പ്ലസ് വൺ മുതൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പഠനമുറി (എസ്.സി.പി) | 150000 | 950000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 325000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 325000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 450000 | പാലിയേറ്റീവ് കെയർ | 450000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

### 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹300/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2011-2012&2012-2013 | 2-1 | 150 | സെക്രട്ടറി, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് | 117100100269/ 06.06.2017 |
| 2011-2012&2012-2013 | 2-1 | 150 | സെക്രട്ടറി, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് | 117100100270/ 06.06.2017 |
| | ആകെ | 300 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 | 39 | 1999-2000 | - | ചെറുകിട ജലസേചന പദ്ധതിയിൽ വ്യാജമായി ഗുണഭോക്താക്കളെ ചേർത്തു | |
| 1997-1998 | 40 | 1999-2000 | - | പുതിയ വ്യവസായ യൂണിറ്റിനുള്ള ധനസഹായം അധികം നൽകി | |

## 4-8 സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം കാണിക്കുന്ന പത്രിക

(എ) ചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | നമ്പർ/ തീയതി) | തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 1997-98 | 27 ബി | സുകുമാരൻ നായർ സെക്രട്ടറി | LF.1461/ SplCell/ SC2/01/ dt.14.9.2001 ₹500 | | | | | | | 500 | |
| 2 | | 28 | സുകുമാരൻ നായർ സെക്രട്ടറി | LF.1461/ SplCell/ SC2/01/ dt.14.9.2001 ₹1443 | | | | | | | 1443 | |

<u>(ബി സർചാർജ് നടപടികളുടെ വിവരം</u>

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 1997-98 | 32 | സുകുമാരൻ നായർ സെക്രട്ടറി | LF-14614/ Spl.Cell/ SC2/2001 dated- 14.9.2001 | | ₹566/- രസീത് നം 26/41/ 13.2.2001 | | | | ₹566 | 0 | |
| 2 | 1998-99 | 29 | ശ്രീ. പി.എ.ജോൺ , കൃഷി ഓഫിസർ. | LF-13233/ Spl.Cell/ CSC/C1/2002 dtd.24.2.2003 ₹13049 | | | | | | | ₹13049 | |
| 3 | 1999-00 | 28 | ശ്രീ.പി.സി.ചാക്കോ, അസി.എഞ്ചിനിയർ | LF-19010/ Spl.Cell/ SC2/2002 dtd-16.12.2002 ₹3870- | | 3870- രസീത് നം.60/ 25728/ 23/8/2006 | | | | 3870 | 0 | |
| 4 | | 29 | ശ്രീ.പി.സി.ചാക്കോ, അസി.എഞ്ചിനിയർ | LF-19010/ Spl.Cell/ SC2/2002 dtd-16.12.2002 | | | | | | | 5220 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | ₹5220 | | | | | | |
| 5 | 2000-01 | 24 | ശ്രീമതി.ലൗലി അഗസ്റ്റ്യൻ, കൃഷി ഓഫീസർ | LF-12366/ Spl.Cell/ CSC/C1/2003 dated12.1.2004 | രസീത്.നം. 69/25728 തിയതി- 24.08.06 ₹5000 | | | 5000 | 0 | |
| 6 | 2001-02 | 3 | | LF-2314/ Spl.Cell/ SC/2006 dated- 16.3.2006 | രസീത് നം.18/ 5728 തിയതി. 4.09.2006- ₹1861 | | | 1861 | 0 | |
| 7 | 2006-07 | 3-14 | എൻ രാജീവ്. കൃഷി ഓഫീസർ | LF-15684/ Spl.Cell/ CSC/C1/2011 dated- 10.6.2013 ₹25000 | | | | | ₹25000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51076784 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50712503 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 456000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 206000 | പി.എൻ.സുരേന്ദ്രൻ നായർ സെക്രട്ടറി |
| 3-4 | 250000 | ഡോ.ബിബൻ പ്രസാദ്, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എൻ.സുരേന്ദ്രൻ നായർ, സെക്രട്ടറി | സെക്രട്ടറി, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് | പൂന്തോട്ടിൽ, തങ്കമണി പി.ഒ |
| ഡോ.ബിബൻ പ്രസാദ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് | കുന്നത്ത്, കുരുവട്ടൂർ പി.ഒ, കോഴിക്കോട് ജില്ല |

## 4-10 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നമ്പർ |
|---|---|---|---|
| 1978-1979 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1979-1980 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1980-1981 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1981-1982 | എൽ.എഫ്.ഐ.5-366/87/21.01.97 | | |

| | | | |
|---|---|---|---|
| 1982-1983 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1983-1984 | എൽ.എഫ്.ഐ.5-965/90/21.01.97 | | |
| 1984-1985 | എൽ.എഫ്.ഐ.5-939/90/21.01.97 | | |
| 1985-1986 | എൽ.എഫ്.ഐ.5-938/90/21.01.97 | | |
| 1986-1987 | എൽ.എഫ്.ഐ.5-540/91/21.01.97 | | |
| 1987-1988 | എൽ.എഫ്.ഐ.5-3/91/21.01.97. | | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.5-55/93/21.01.97 | | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.5-602/94/15.11.95 | | |
| 1992-1993<br>1993-1994 | എൽ.എഫ്.ഐ.5-362/96/13.02.1996 | | |
| 1997-1998 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 4 | ഖ.27 (ബി),28,39,40 |
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 1 | 29 |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 1 | 29 |
| 2004-2005 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 2 | 3-6,3-7 |
| 2005-2006 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 1 | 3-5 |
| 2006-2007 | എൽ.എഫ്.ഐ.9-831/18 തിയതി-28.02.2018 | 18 | 2-1,2-2,2-3,2-4,2-5,<br>3-1,3-2,3-5,3-7,3-9,3-10,<br>3-11,3-12,3-13,3-14,<br>3-15,3-16,4-3 |
| 2007-2008 | എൽ.എഫ്.ഐ9/1218/11തി.19.3.12 | 17 | 2-1,2-2,2-3,2-4,2-5,<br>3-1,3-2,3-3,3-6,3-7, |

| | | | |
|---|---|---|---|
| | | | 3-8,3-9,3-10,3-11,<br>3-12,4-3,,4-6 |
| 2008-2009 | എൽ.എഫ്.ഐ.9-1085/16 തി.1.9.2016 | 14 | 2-2,2-3,2-4,2-5,<br>2-6,3-1,3-2,3-3,<br>3-4,3-5,3-6,3-7,3-8,4-3 |
| 2009-2010 | എൽ.എഫ്.ഐ.9-366/17 തി.21.4.2017 | 7 | 1-1,1-2,2-1(1),(2),<br>3-3,3-5,4-3,4-6 |
| 2010-2011 | എൽ.എഫ്.ഐ.9-1426/7 തി.10.10.2017 | 5 | 2-1,2-2,2-4,3-4,3-9 |
| 2011-2012<br>2012-2013 | എൽ.എഫ്.ഐ.9-789/16 തി.29.11.2017 | 6 | 2-1,3-1,3-2,3-3,3-6,3-8 |
| 2013-14<br>2014-15 | കെ.എസ്.എ.ഐ.ഡി.കെ-9/40/16/29.11.2017 | 9 | 2-1,3-1,3-3,3-5,<br>3-6,3-8,3-10,3-12,4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-9/577/17 തി. 20.6.2017 | 8 | 1-12,2-1,2-2.3-1,<br>3-3,3-4,3-6,4-9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-9/21/18/28.2.2018 | 7 | 1-12,2-1,3-1,<br>3-2,3-3,3-4,4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-9/1312/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തീയതി: 20.12.2018
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി